പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4469

20/10/2011-ൽ മറുപടിക്ക്

<u>മുനിസിപ്പൽ കോമൺ സർവ്വീസിലേക്കുള്ള പി. എസ്. സി. നിയമനം</u>

| <u>ചോദ്യം</u><br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | <u>ഉത്തരം</u><br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
|---|---|
| എ). 14.11.2006-ലെ എം. എസ്. നമ്പർ 260/2006/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലേക്കുള്ള വിവിധ തസ്തികകളിലേയ്ക്ക് ജില്ലാതല പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ പി. എസ്. സി. നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് വകുപ്പുതലത്തിൽ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| ബി) ഇതനുസരിച്ച് ജെ. എച്ച്. ഐ., ജെ. പി. എച്ച്. എൻ. എന്നീ തസ്തികകളുടെ ജില്ലാതല പി. എസ്. സി. ലിസ്റ്റിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് നിയമന ശുപാർശകൾ പി. എസ്. സി. നൽകിയിട്ടുണ്ടോ; | ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. നിയമന ശുപാർശ ചെയ്തിട്ടുണ്ട്. |
| സി) പ്രസ്തുത ഉത്തരവുപ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ ജെ. പി. എച്ച്. എൻ.-ന്റെ എത്ര ഒഴിവുകൾ, എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) തിരുവനന്തപുരം കോർപ്പറേഷൻ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ 3 ഒഴിവുകൾ 7/06/2011 ലെ കത്ത് പ്രകാരം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നാളിതുവരെ നിയമനശുപാർശ അയയ്ക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; അടിയന്തിരമായി നിയമന ശുപാർശ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ഡി) റിപ്പോർട്ട് ചെയ്ത 3 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ പി.എസ്.സി. അഡ്വൈസ് നടത്താത്തതിനാലാണ് നിയമനം നൽകാതിരുന്നത്. പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.